# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3766 — 15.05.2017 - ൽ മറുപടിയ്ക്ക്

## എൽ.പി. സ്കൂളിന്റെ അപ്ഗ്രഡേഷനും ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകളും

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
|---|---|
| (എ) ആവശ്യത്തിന് കുട്ടികൾ ലഭ്യമായ എൽ.പി. സ്കൂളുകൾ ഉള്ളതും പരിസര പ്രദേശങ്ങളിൽ യു.പി. സ്കൂൾ ഇല്ലാത്തതുമായ പ്രദേശങ്ങളിലെ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത്, യു.പി. സ്കൂൾ ആക്കുന്ന നയപരമായ തീരുമാനം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും. നിലവിലുള്ള സ്കൂളുകൾ അപഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18.06.2015 - ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി വരികയാണ്. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ബി) പുതുതായി അനുവദിച്ച ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) സർക്കാർ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

Hema. V

സെക്ഷൻ ഓഫീസർ